PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY
Second Session 1969

Monday, the 18th August, 1969.

Vol. XXV] OFFICIAL REPORT [No. 8

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 18th August, 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the Session)

(i) ORAL ANSWERS

മി. സ്പീക്കർ:— ചോദ്യം 412

ശ്രീ ആർ. എസ്. ഉണ്ണി: സർ, ഈ ചോദ്യത്തിൽ 'ബി'യുടെ ഉത്തരം മാത്രമെ പറയാനുള്ളൂ, ബാക്കി നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. അതുകൊണ്ട് 'ബി'യുടെ ഉത്തരം മാത്രം പറഞ്ഞാൽ മതി.

ടാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനം

* 114. [412] ശ്രീ. ആർ. എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാൻസ്പോർട്ട് കോർപ്പറേഷൻ പുതുതായി ഉദ്യോഗനിയമനങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഓരോ തസ്തികയിലേയ്ക്കും എത്രപേരെ വീതമാണ് പുതുതായി നിയമിക്കാനുദ്ദേശിക്കുന്നത്;

(സി) അടുത്തകാലത്ത് നിയമിക്കപ്പെട്ട ആളുകൾക്ക് മുഴുവൻ ദിവസവും പണി കിട്ടുന്നില്ലെന്ന പരാതി ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ഡി) റോഡു ടാൻസ്പോർട്ട് കോർപ്പറേഷനിലെ ഉദ്യോഗനിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(ബി)

റിസർവ് കണ്ടക്ടർ	300
റിസർവ് ഡ്രൈവർ	400
ലോവർഡിവിഷൻ ക്ലാർക്ക്	100
അസിസ്റ്റൻഡ് ടാൻസ്പോർട്ട് ആഫീസർ	7

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: സർ, പുതിയ നിയമനങ്ങൾക്കു് ഇത്രയും ഒഴിവു് ഉണ്ടെന്നു് തീരുമാനിച്ചതു് ആരാണു്; അങ്ങനെ തീരുമാനിച്ചതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒരു റിക്രൂട്ട്മെന്റു് കഴിഞ്ഞതിനുശേഷം വരുന്ന അഞ്ചു്, ആറു് മാസത്തേക്കു് എത്ര ആളുകൾ വേണ്ടിവരും എന്ന കണക്കാക്കിയാണു് പുതിയ നിയമനങ്ങൾ നടത്തുന്നതു്. തിരഞ്ഞെടുക്കണമെങ്കിൽത്തന്നെ അതിനുവേണ്ടിയുള്ള പ്രവൃത്തിയെടുക്കാൻ ഒന്നരണ്ടു മാസം വേണ്ടിവരും. അപ്പോഴേയ്ക്കും എടുത്ത ആളുകളെ നിയമിക്കാൻ കഴിയും.

ശ്രീ. ആർ. എസ്. ഉണ്ണി: പുതിയ നിയമനങ്ങൾ നടത്തുന്നതിനു് ഇന്നുള്ള റിക്രൂട്ട്മെന്റു സമ്പ്രദായം എന്താണു്; പേപ്പർ നോക്കുന്നതു് ആരാണു്; ഇതിനു് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണു്; യാതൊരു മാനദണ്ഡവും സ്വീകരിച്ചിട്ടില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ; അങ്ങനെ പരാതികിട്ടിയിട്ടുണ്ടെങ്കിൽ എന്തുനടപടി എടുത്തിട്ടുണ്ടു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അത്തരം പരാതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: അസിസ്റ്റന്റു് ട്രാൻസ്പോർട്ടാഫീസറെ നിയമിക്കുന്നതുവന്നു പറഞ്ഞുവല്ലൊ; അവരുടെ ക്വാളിഫിക്കേഷൻ എന്താണു്; എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എത്ര അപേക്ഷ കിട്ടിയെന്നു പരിശോധിക്കാറായിട്ടില്ല. ക്വാളിഫിക്കേഷൻ എന്താണെന്നു് നോക്കാതെ പറയാൻ പറ്റുകയില്ല.

ശ്രീ. കെ. എം ജോർജ്ജ്: ഇതിന്റെ ക്വാളിഫിക്കേഷൻ വച്ചിട്ടുള്ളതു് ഓട്ടോമൊബൈൽ ഇഞ്ചിനീയറിംഗ് ഡിഗ്രിയാണു്. ഈ ഡിഗ്രിയുള്ള ആളുകൾ ഇൻഡ്യയിലെങ്ങുംതന്നെയില്ല. ഇന്നു് ഡിപ്പാർട്ടുമെന്റിൽ ഉള്ള ആളുകളെ ഈ തസ്തികയിലേക്കു് പ്രമോട്ടു് ചെയ്യുന്ന കാര്യം പരിശോധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇവിടെയുള്ള പരീക്ഷകൾ വിധേയമുള്ള ക്വാളിഫിക്കേഷൻ മാത്രമേ ഫോർമിച്ചിട്ടുള്ളൂ.

ശ്രീ. പി. കുഞ്ഞൻ: ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ കണ്ടക്ടർമാരെ നിയമിക്കുമ്പോൾ ദിവസക്കൂലി സമ്പ്രദായമാണു് ഇന്നുള്ളതു്. അതു് അവസാനിപ്പിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ: ആ കാര്യങ്ങളെസംബന്ധിച്ചിടത്തോളം വളരെയധികം പരിശോധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ വരുമ്പോൾ സാമ്പത്തിക വൈഷമ്യം ഉണ്ടാകുന്നതുകൊണ്ടു് ഇക്കാര്യം സൗകര്യപൂർവ്വം ആലോചിക്കേണ്ടതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എ ടി. ഒ. മാരായും ഡി. ടി. ഒ. മാരായും, കണ്ടക്ടർമാർക്കു് പ്രമോഷൻ കൊടുത്തിട്ടു് നിയമിക്കണമെന്നുകാണിച്ചു് ട്രാൻസ്പോർട്ടു് എംപ്ലോയീസിന്റെ എല്ലാ യൂണിയനുകളിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഗണിക്കാൻ തയാറാവുമോ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ: നിവേദനങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഒ. കോരൻ: ഏഴു് അസിസ്റ്റന്റു് ട്രാൻസ്പോർട്ടു് ആഫീസർമാരെ നിയമിച്ചപ്പോൾ സംവരണം പാലിച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ സെലക്ഷനുകളിലെല്ലാത്തിലും സംവരണതത്വം പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ട്രാൻസ്ഫോർട്ട് വെൽഫെയർ ആഫീസേഴ്സിനെ വേണമെന്നുകാണിച്ച് അപേക്ഷ ക്ഷണിച്ചതിനുശേഷം അത് വേണ്ടെന്നുവച്ചത് എന്താണ്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Shri K. Mahabala Bhandari: May I bring to the notice of the Government that a large number of candidates from Kasaragod area have not been able to answer the questions prepared by the Corporation, as it was in Malayalam, and so, may I request the Government to provide questions either in English or in Kannada, at least in future?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, അങ്ങനെ ഒരു നിവേദനം കിട്ടിയിട്ടില്ല. മാന്യമെമ്പറുടെ ചോദ്യത്തിൽ നിന്നും വിഷമങ്ങൾ ഉണ്ടായിരിക്കുന്നുവെന്ന മനസ്സിലായതിനാൽ ആവശ്യമായ നടപടി എടുക്കുന്നതാണ്.

Shri K. Mahabala Bhandari: We have represented the matter to the Minister.

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ: മാന്യമെമ്പറിൽ നിന്നുമാത്രമാണ് നിവേദനം കിട്ടിയിട്ടുള്ളത്, അന്വേഷിച്ചപ്പോൾ അത് ശരിയല്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

Shri K. Mahabala Bhandari: Sir, I myself have represented to the Minister some six months' back to provide question papers in Kannada.

Mr. Speaker: What you have written has come to the notice of the Government and he is taking action.

ശ്രീ. കെ. കരുണാകരൻ: മുമ്പ് നടന്നിട്ടുള്ള നിയമനങ്ങളിൽ ശരിയായി സംവരണം പാലിച്ചിട്ടില്ലെന്ന് ആക്ഷേപം വന്നസ്ഥിതിക്ക് ശരിയായ പ്രാതിനിധ്യം ഇനിയുള്ള നിയമനങ്ങളിൽ കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: തീർച്ചയായും അതുപാലിക്കും.

ശ്രീ കെ. എം. ജോർജ്ജ്: കാളിഫിക്കേഷൻ ഉള്ള ആളുകളെ ന്യായയുക്തമായി എ. ടി. ഒ. മാരായി നിയമിക്കുവാൻ ഗവണ്മെൻറു തയാറാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതാണ് ഞാൻ ആദ്യം പറഞ്ഞത്. ന്യായയുക്തമായിട്ട് അത് പരിശോധിച്ച് ചെയ്യേണ്ടത് എന്താണെന്ന് തീരുമാനിക്കുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): സർ, മലബാർ ഭാഗത്ത് ജോലിചെയ്യുന്ന ആളുകൾ ഇവിടെയുള്ളവരായതുകൊണ്ട് സ്ഥലംമാറ്റം കിട്ടാൻവേണ്ടി ലീവ് എടുത്തുപോരുന്നതുകൊണ്ട് അവിടെ പല വൈഷമ്യങ്ങളും നേരിടുന്നുണ്ട്. അതിനാൽ അതാതു ഭാഗത്തുള്ളവരെത്തന്നെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ: വൈഷമ്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട് എങ്ങനെയാണ് ചെയ്യേണ്ടതെന്നെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES, Kerala Legislative Assembly

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ദീർഘകാലമായി സപ്ലീസി ലുള്ള പോർട്ടർമാർക്ക് അർഹമായ പ്രമോഷൻ കൊടുക്കാമെന്നും കാർപ്പറേഷൻ സമ്മതിച്ചിരുന്നതാണ്. അതു് ഇതുവരെ നടപ്പിൽ വരാത്തതു് എന്താണു്?

ഇ. കെ ഇമ്പിച്ചിബാവ: ട്രാൻസ്പോർട്ടു് കാർപ്പറേഷനിൽ പോർട്ടർമാർ ഇല്ലയെന്നാണറിവു്. സ്വമേധയാ പണിചെയ്യുന്ന കുറച്ചു് ആളുകൾ ഉണ്ടു്. അവർക്കു് പ്രമോഷൻ കൊടുക്കുന്ന പ്രശ്നമൊന്നും ഇല്ല.

ശ്രീ. പി. കുഞ്ഞൻ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനെ പരിഗണിച്ചു് മുൻകാലങ്ങളിൽ എംപ്ലോയ്മെൻറു് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചവരിൽ 240 ദിവസം തികയാതെ പിരിച്ചുവിട്ടവർക്കുകൂടി പ്രാതിനിധ്യം കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: റിസർവ്വേഷന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതായിരിക്കും.

ശ്രീ. ഇ. ജോൺജേക്കബ്: ബഹുമാനപ്പെട്ട കൗൺസർകോട്ടു് മെമ്പർ ഉന്നയിച്ചിട്ടുള്ള പരാതിയിൻമേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എടുത്തിട്ടില്ലെങ്കിൽ ഇനിയുള്ള റിക്രൂട്ടുമെൻറിൽ എങ്കിലും നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെയൊരാക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു വ്യക്തിയെ സംബന്ധിച്ചു് സ്പെസിഫിക്കായിട്ടു് പറഞ്ഞാൽ അതിനെക്കുറിച്ചു് അന്വേഷിക്കുന്നതാണു്.

ശ്രീ. കെ. സി. വാമദേവൻ: ട്രാൻസ്പോർട്ടു് കാർപ്പറേഷനിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായിട്ടു് നടത്തിയ തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചു് നിയമസഭയിലും വെളിയിലും മുഴങ്ങിക്കേട്ടിട്ടുള്ള ആരോപണങ്ങളെസംബന്ധിച്ചു് അന്വേഷണംനടത്തുവാൻ ഒരു മിഷനറിയെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ഗവണ്മെൻറിനെ സംബന്ധിച്ചു് പലതും പറഞ്ഞുനടക്കുന്ന കുറച്ചാളുകളുണ്ടു്. അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിക്കുന്നതു് അപ്രായോഗികമായ കാര്യമാണു്.

ശ്രീ. കെ. സി. വാമദേവൻ: ഈ ഗവണ്മെൻറിനെ ബോധപൂർവ്വം താറടിച്ചു കാണിക്കുവാൻ ബാദ്ധ്യസ്ഥരല്ലാത്തവരിൽനിന്നും ട്രാൻസ്പോർട്ടു് കാർപ്പറേഷനിലെ സംഘടിതയൂണിയൻ ഭാരവാഹികളിൽ നിന്നും മുഴങ്ങിക്കേട്ടിട്ടുള്ള ആരോപണങ്ങളെക്കുറിച്ചു് അന്വേഷണം നടത്തി യാതൊരു തെറ്റും ചെയ്തിട്ടില്ലെന്നു് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ഗവണ്മെൻറു തയാറാവുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സംഘടനകളിൽ നിന്നുംമറും ഉള്ള ആക്ഷേപം എന്താണു് എന്നു് സൂചിപ്പിച്ചു. ആയിരം ആളുകളുടെ ആയിരം വാക്കുകളെപ്പറ്റിയൊക്കെ അന്വേഷണം നടത്തണമെന്നു് ഉത്തരവാദപ്പെട്ട ഈ സഭയിൽ ആവശ്യം ഉന്നയിക്കുന്നതു് ശരിയല്ലെന്നാണു് എനിക്കു് പറയാനുള്ളതു്.

ശ്രീ. എൻ. ഗണപതി: സർ, കേരളത്തിൽ മല്ലിമാളികളുക്കു அடுத்த ஸ்தானம் வகிப்பது தமிழர்கள் ஆகும். இங்கு வாழும் 10 சதமானம் தமிழர்களுக்கு உத்தியோக விஷயங்களில் ஜனத்தொகை அனுசரித்து அவர்களுக்கு ஆவன செய்ய நமது கவர்மென்ட் முன்வருமா?

മി. സ്പീക്കർ: തമിഴിൽ പരീക്ഷ നടത്തണമെന്നാണോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പരീക്ഷയല്ല. നിയമനം നൽകണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഭാഷതിരിച്ച് നിയമനം നടത്താറില്ല. ഏതു ഭാഷക്കാർക്കും പരീക്ഷയ്ക്കിരിക്കാം: അപേക്ഷിക്കാം. ഏതുഭാഷക്കാരും പങ്കെടുക്കുമ്പോഴാ ചിലപ്പോൾ ഏറിയെന്നും ചിലപ്പോൾ കുറഞ്ഞെന്നും വരാം.

ശ്രീ. എം. എം. തോമസ്: ദിവസം അഞ്ചും ആറും പേരുവീതം വന്നു ശുപാർശയ്ക്കുവേണ്ടി ഞങ്ങളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഒന്നുകിൽ ട്രാൻസ്പോർട്ടിലെ നിയമനം പി. എസ്. സി. ക്കു വിടുക; അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികൾക്കു വീതിച്ചുകൊടുക്കുക. ഇതിലേതെങ്കിലും ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതുരണ്ടും പരിഹാരമാർഗ്ഗമല്ല. ഇതിനുമുൻപു നടത്തി പരിചയമുള്ള സമ്പ്രദായപ്രകാരം ആളുകളെ ഇങ്ങനെ ഒഴുകിവരും. അവർക്കു നല്ല ബോധമുണ്ടാക്കിവിടുക എന്ന കാര്യത്തിനു് മാന്യമെമ്പർമാർ ശ്രമിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: റിസർവേഷൻ കിട്ടേണ്ട അപേക്ഷകർക്കു് കഴിഞ്ഞതവണ വേണ്ടത്ര പ്രാതിനിധ്യം കിട്ടിയില്ലെന്നും പറയുകയുണ്ടായി. ആ കുറവു പരിഹരിക്കത്തക്കവിധത്തിൽ പുതിയ നിയമനത്തിൽ അവർക്കു പ്രത്യേക പരിഗണന കൊടുക്കാനും അതനുസരിച്ചുള്ള നിർദ്ദേശം ശരിയായിനടപ്പാക്കാനും നടപടി എടുക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കഴിഞ്ഞകാലങ്ങളിലെ പോരായ്മ നികത്തത്തക്കവണ്ണം റിക്രൂട്ടുമെന്റു നടത്താൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ടു്. നടപടി യെടുത്തുവരികയാണു്.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മേയർ ശ്രീ. വാസുദേവന്റെ ചോദ്യത്തിനു്, ഏതാനും ചില ആളുകളാ ഗവണ്മെന്റിനെതിരായി പറയുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അങ്ങനെ പറഞ്ഞതു് പ്രതിപക്ഷത്തിരിക്കുന്നവരെസംബന്ധിച്ചല്ല എന്നു വിശ്വസിക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതുപക്ഷമായാലും ശരിയല്ലാത്തതു ശരിയല്ല.

ശ്രീ. കെ. കരുണാകരൻ: ഉത്തരവാദപ്പെട്ടവർക്കു രേഖാമൂലം പരാതിസമർപ്പിച്ചിട്ടുള്ളതാണു്. ഡിപ്പാർട്ടുമെന്റിൽ കൊടുത്തിട്ടുള്ളതും പത്രങ്ങളിൽ വന്നിട്ടുള്ളതുമാണു്. ആ സ്ഥിതിക്കു് അന്വേഷണം നടത്തേണ്ടതല്ലേ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ബഹുമാനപ്പെട്ട മെമ്പർക്കു നൽകിയിട്ടുള്ള അപേക്ഷയെപ്പറ്റി ഞാൻ അന്വേഷിക്കേണ്ട കാര്യമില്ല. പ്രത്യേകമായി ഏതെങ്കിലുമൊരാളിന്റെ സംഗതിയിൽ അഴിമതിയുണ്ടായതായികാണിച്ചു് പരാതി കിട്ടിയിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: എനിക്കു തന്നതല്ല. ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെന്റിനു കൊടുത്തിട്ടുണ്ടു്. അവർ ഞങ്ങളെ അറിയിച്ചതാണു്; പത്രങ്ങളിലും വന്നിട്ടുണ്ടു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സ്പെസിഫിക്കായി പേരുകാണിച്ചുകൊണ്ടു് പരാതി കിട്ടിയിട്ടില്ല.

Shri U. P. Kunikullayya: Sir, is it not a fact that nobody from the Kasaragod area has been appointed in the Transport Corporation since this Government came into power. Will the Government therefore give preference to those areas in future appointments?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആരെയും നിയമിച്ചിട്ടില്ലെന്നു പറയുന്നതു് ശരിയല്ല ബഹുമാനപ്പെട്ട മെമ്പറുടെ ലെറ്റർ കിട്ടിയശേഷം ഞാൻ അതിനെപ്പറ്റി അന്വേഷിക്കുകയുമുണ്ടായി. തിട്ടമായി എത്രപേരെ നിയമിച്ചുവെന്നു പറയാൻ ഇപ്പോൾ കഴിയുകയില്ലെങ്കിലും, ആരെയും നിയമിച്ചിട്ടില്ലെന്നതു ശരിയല്ല.

ശ്രീ. ടി. ചന്ദ്രശേഖരൻനായർ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ മുൻപു നടത്തിയ ടെസ്റ്റിൽ ഇനിയും ജോലികിട്ടാത്തവർക്കു് ജോലി നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പ്രത്യേകം വിവരം തന്നാൽ പരിശോധിച്ചു പറയാം.

ശ്രീ. എൻ. കെ. ശേഷൻ: മറ്റു ജില്ലകളിൽനിന്നു് തിരുവനന്തപുരത്തേയ്ക്കുവന്നു് ഇവിടെ ജോലിചേയ്തുകൊണ്ടിരിക്കുന്ന ജീവനക്കാർക്കു്, അവരവരുടെ ജില്ലയിൽ ഒഴിവുണ്ടാകുമ്പോൾ അങ്ങോട്ടു തിരിച്ചു് മാറ്റം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒഴിവുണ്ടാകുമ്പോൾ അങ്ങനെ നിയമിച്ചുകൊണ്ടിരിക്കുകയാണു്; ആവശ്യമനുസരിച്ചു് അങ്ങനെ ചെയ്യാറുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ചോദ്യവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണു് ഇന്നും ചോദിക്കുന്നതു്.

മി. സ്പീക്കർ: ആർഡർ, ആർഡർ, അടുത്ത ചോദ്യം: നമ്പർ 413. ഇതിനു് 7–8–69–ൽ ഉത്തരം പറഞ്ഞതാണു്.

ശ്രീ. കെ. കരുണാകരൻ: (സി) ക്കു് ഉത്തരം പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: (സി) ക്കും ഉത്തരം പറഞ്ഞിട്ടുണ്ടു്. 7–8–69–ൽ വിശദമായി ഉത്തരം പറഞ്ഞു.

വ്യവസായ വായ്പ

‡ * 115. [414] ശ്രീ. സി. കെ. ബാലകൃഷ്ണൻ
,, ഈ. ബാലാനന്ദൻ
} താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായസ്ഥാപനങ്ങൾക്കു് ബാങ്കുകളിൽനിന്നു് വായ്പയെടുക്കാൻ ഗ്യാരൻറി നൽകുകയുണ്ടായി;

(ബി) കോട്ടയം, ഇലക്ട്രോ–കെമിക്കൽസിനു് ഗ്യാരണ്ടി കൊടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ നില അപകടത്തിലാണെന്നു് വ്യവസായവകുപ്പു സെക്രട്ടറിയും, ധനകാര്യവകുപ്പു സെക്രട്ടറിയും റിപ്പോർട്ടു ചെയ്തിരുന്നോ;

(ഡി) വ്യവസായവകുപ്പുമന്ത്രിയും, ധനകാര്യവകുപ്പുമന്ത്രിയും സെക്രട്ടറിമാരുടെ അഭിപ്രായത്തെ ഓവർ റൂൾ ചെയ്തുകൊണ്ടാണോ ഗ്യാരൻറി കൊടുക്കാൻ ഉത്തരവിട്ടിട്ടുള്ളതു്?

† Question put by Shri V. V. Dakshinamurthi.

LIBRARY ARCHIVES Kerala Legislative Assembly